പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 237</u> 23.01.2018 ൽ മറുപടിക്ക്

## റോഡ് സുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ദാസൻ :** | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്നതും അതുവഴി മരണസംഖ്യ വർദ്ധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കു പ്രകാരം മുൻ വർഷത്തെ (2016) അപേക്ഷിച്ച് സംസ്ഥാനത്തെ റോഡപകടങ്ങളുടെ എണ്ണം 39420 – ൽ നിന്നും ഈ വർഷം (2017) ൽ 38486 ആയി കുറഞ്ഞിട്ടുണ്ട്. കൂടാതെ അപകട മരണ നിരക്ക് 4287 ൽ നിന്നും 4061 ആയും കുറഞ്ഞിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് നിലവിലുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ അപാകങ്ങൾ പരിഹരിച്ച് കൂടുതൽ ഫലപ്രദമായതും ശക്തമായതുമായ ഒരു റോഡ് സുരക്ഷാ നയം ആവിഷ്കരിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഈ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ | (സി) പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ "റോഡ് സുരക്ഷാ നയം" |

| | |
|---|---|
| ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; റോഡ് സുരക്ഷാ കൗൺസിൽ എന്ന സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് കൂടുതൽ മെച്ചപ്പെട്ട നിലയിൽ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | തയ്യാറാക്കിയിട്ടുണ്ട്. 2020 ഓടെ 10% അപകട നിരക്ക് കുറയ്ക്കാൻ ലക്ഷ്യമിടുന്നു. ബഹു. സുപ്രീം കോടതി നിയമിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം അമിത വേഗത, ചരക്കു വാഹനങ്ങളിലെ അമിതഭാരം കയറ്റൽ, മദ്യപിച്ച് വാഹനമോടിക്കൽ, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ നിലവിലുണ്ട്. റോഡപകടങ്ങൾ 10 % കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നൽകിയിട്ടുണ്ട്. എല്ലാ മാസവും യോഗം ചേർന്ന് അവലോകനം നടത്തി റിപ്പോർട്ട് നൽകാനും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

SR.
സെക്ഷൻ ഓഫീസർ